**KPB Nidhi Ltd.**
Approved by Govt. of India • ESTD 1989 • CIN:U65991KL1989PLC005448
Erstwhile “Kerala Permanent Benefit Fund Limited”
Registered Office: KPBF Mandir, Sangeetha Sabha Road, Aluva - 683101, Kerala
Phone: 0484-2922000, 2922060 Email: kpbfhoaluva@gmail.com Website: www.kpbf.in

**TRANSCRIPT OF THE 35TH ANNUAL GENERAL MEETING OF M/S KPB NIDHI LIMITED HELD AT 11.00 A.M ON THURSDAY, 26TH SEPTEMBER 2024 THROUGH VIDEO CONFERENCE**

**ചെയർമാൻ**:

2023-24 ലെ ഈ Annual General Body മീറ്റിംഗ്, Ministry of Corporate Affairs നിയമ പ്രകാരം ഓൺലൈൻ സംവിധാനത്തിലൂടെയാണ് നമ്മൾ നടത്തുന്നത്. അതനുസരിച്ചിട്ടുള്ള എല്ലാ നിയമ വശങ്ങളും നമ്മൾ പാലിച്ചിട്ടുണ്ട്.

ഈ വാർഷിക പൊതു യോഗത്തിനു ആവശ്യമായ quorum, ഓൺലൈൻ ആയിട്ടുമൊക്കെ ഇതിനകം തന്നെ ആയി കഴിഞ്ഞിട്ടുണ്ട്. യോഗം അതിന്റെ നടപടികൾ അനുസരിച്ചു നമ്മൾ ആരംഭിക്കുന്നതാണ്.

ഈശ്വര പ്രാർത്ഥനയോട് കൂടി നമ്മൾ ഇന്നത്തെ ഈ A.G.M. ആരംഭിക്കുകയാണ്.

ഈശ്വര പ്രാർത്ഥന...

35th AGM of KPB Nidhi is starting. We are commencing the meeting. So next is homage to the victims of Wayanad and others.

കേരളത്തെ പൊതുവെ ഞെട്ടിച്ച ഒരു വലിയ ദുരന്തമായിരുന്നു നമ്മുടെ വയനാട്. നമുക്കെല്ലാവർക്കും അറിയാവുന്ന വിഷയമാണ്. ആ വായനാടിൽ മരണം സംഭവിച്ച, ബുദ്ധിമുട്ടുകൾ സംഭവിച്ച എല്ലാവർക്കും വേണ്ടി നമ്മൾ ഒരു silent prayer. അത് പോലെ നമ്മുടെ ഷെയർ ഹോൾഡേഴ്സിന്റെയോ അല്ലെങ്കിൽ വേറെ ആരുടെയെങ്കിലുമൊക്കെയോ, നമുക്ക് കൃത്യമായിട്ടുള്ള വിവരങ്ങൾ കിട്ടുന്നില്ല, അങ്ങിനെയുള്ള important വ്യക്തികളുടെ മരണത്തിലും നമ്മൾ അനുശോചിച്ചുകൊണ്ടു ഒരു മിനിറ്റ് silent prayer.

Prayer...

അടുത്തത് നമുക്ക് ഇ വോട്ടിംഗ് ന്റെ സംഗതിയാണ്. E- Voting സ്റ്റാർട്ട് ചെയ്യാം.

കോറം ആയിട്ടുണ്ടല്ലോ അല്ലെ. ഉണ്ട്. E voting സ്റ്റാർട്ട് ചെയ്യാം ഈ സമയത്ത് കോറം തികഞ്ഞു. എത്ര കോറം? 64. കോറം ആയില്ലേ? കോറം ഉണ്ട്. Quorum is there. നമുക്ക് ഇ വോട്ടിംഗ് സ്റ്റാർട്ട് ചെയ്യാം.

അടുത്തത് മാനേജിങ് ഡയറക്ടറെ ഞാൻ വെൽക്കം അഡ്രസ്സിനു ക്ഷണിക്കുകയാണ്. Inviting Managing Director for Welcome Address.

**Managing Director:**

എല്ലാവർക്കും നമസ്കാരം.

KPB നിധിയുടെ മുപ്പത്തി അഞ്ചാം Annual ജനറൽ മീറ്റിംഗിലേക്കു എത്തി ചേർന്ന എല്ലാ പ്രിയപ്പെട്ട ഷെയർഹോൾഡേഴ്സിനും ഡയറക്ടർസിനും KPB നിധി ഫാമിലി അംഗങ്ങൾക്കും ഈ യോഗത്തിലേക്ക് പ്രത്യേകം സ്വാഗതം. KPB നിധിയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ വർഷം, കഴിഞ്ഞ സാമ്പത്തിക വർഷം വളരെ നല്ല പെർഫോമൻസ് ആണ് നമുക്ക് കാഴ്ച വക്കാൻ കഴിഞ്ഞത്. സ്വർണത്തിന്റെ വില നമ്മൾ ഉദ്ദേശിച്ച പോലെ തന്നെ നിന്നു. നമ്മൾ ഏതാണ്ട് 5000 രൂപയിൽ സ്റ്റാർട്ട് ചെയ്ത സ്വർണത്തിന്റെ വില ഇന്നേതാണ്ട് 7000 ത്തിൽ എത്തി നിൽക്കുകയാണ്. തീർച്ചയായും അതിന്റെ ഒരു ബെനിഫിട് നമ്മുടെ KPB നിധിക്കു ഉണ്ടായിഎന്നുള്ളത് വളരെയധികം ചാരിതാർഥ്യജനകമാണ്.

Welcome സർ. ഗോപാലകൃഷ്ണൻ സർ നമ്മുടെ ആദ്യത്തെ chairman ആയിരുന്നു. ഈ ഒരവസരത്തിൽ വരാൻ പറ്റിയതിൽ വളരെയധികം സന്തോഷം. Welcome.

അപ്പോൾ, KPB നിധിയുടെ പ്രവർത്തനം, കഴിഞ്ഞ വർഷം വളരെയധികം നല്ല വർഷം തന്നെ ആയിരുന്നു എന്ന് പറയാം. പ്രവർത്തന മേഖലയിൽ ആയാലും, ബിസിനസ്സിന്റെ കാര്യത്തിൽ ആയാലും, ലാഭത്തിന്റെ കാര്യത്തിൽ ആയാലും, എല്ലാ നിലക്കും അഡ്മിനിസ്ട്രേഷന്റെ കാര്യത്തിലായാലും, KPB നിധിയുടെ പ്രവർത്തനം വളരെയധികം വിജയപ്രദമായിരുന്നു, ശുഭകരമായിരുന്നു. തീർച്ചയായിട്ടും ജഗദീശ്വരനോടാണ് അതിന്റെ നന്ദി പറയേണ്ടത്. പിന്നെ ഇന്നത്തെ മീറ്റിംഗില് സന്നിഹിതരായ നമ്മുടെ എല്ലാ ഷെയർഹോൾഡേഴ്സും എല്ലാ ഡയറക്ടർസിന്റെയും മേനോൻ സാറിന്റെ പ്രത്യേകിച്ചും. നിങ്ങളുടെ എല്ലാവരുടെയും സപ്പോർട്ടും ഗൈഡൻസും ബ്ലെസ്സിങ്ങ്സുമാണ് KPB നിധി ഇന്ന് ഈ ഒരു ലെവലിൽ എത്തി നിൽക്കുന്നത് എന്ന് പറയുന്നതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. കഴിഞ്ഞ 35 വർഷത്തോളം നിലനിന്ന നിധി കമ്പനി. നിധി കമ്പനി എന്ന് കേൾക്കുമ്പോൾ എല്ലാവരും എന്താ ഇന്നലെയോ മിനിഞ്ഞാന്നോ ഉണ്ടായ ചെറിയ ചെറിയ കമ്പനികളെ കുറിച്ച് വാർത്തകൾ കണ്ടു, എന്തുകൊണ്ടാണ് നിധി കമ്പനി എന്ന്

ചോദിക്കാറുണ്ട്. പക്ഷെ നമ്മുടെ കമ്പനി കഴിഞ്ഞ 35 വർഷമായി പ്രൊഫഷണൽസ് റൺ ചെയ്യുന്ന കമ്പനി ആണ്. തീർച്ചയായും അതിനു അതിന്റെതായ ഉന്നമനവും ഉയർച്ചയും എല്ലാം ഉണ്ട്. ജഗദീശ്വരന്റെ അനുഗ്രഹവും നമ്മുടെ ഷെയർ ഹോൾഡേഴ്സിന്റെയും efficient ഡയറക്ടർ ബോർഡിന്റെയും ഗൈഡൻസ് കൊണ്ട് നമ്മൾ ഇന്നിവിടെ ഈ നിലയിൽ എത്തി നിൽക്കുന്നു. കൂടുതൽ ഡീറ്റെയിൽസ് ഞാൻ അടുത്ത സെഷനിൽ പറയാം, തല്ക്കാലം ഞാനെന്റെ ജോലിയിലേക്ക്, എന്റെ കർത്തവ്യത്തിലേക്കു കടക്കട്ടെ.

കഴിഞ്ഞ 35 വർഷവും നമ്മൾ ആദ്യമായിട്ട് സ്വാഗതം ചെയ്യുന്നത് മേനോൻ സാറിനെ തന്നെയാണ്. ഈ വര്ഷം നമുക്കതു വലിയൊരു അനുഗ്രഹമായി മേനോൻ സാറിന്റെ കൈ കൊണ്ട് തന്നെ നമുക്ക് ഐശ്വര്യപൂർവമായി വിളക്ക് കൊളുത്താൻ സാധിച്ചു. തീർച്ചയായിട്ടും അത് KPB നിധി ഷെയർ ഹോൾഡേഴ്സ്, KPB നിധി ഫാമിലി ഏറ്റവും അധികം സന്തോഷിക്കുന്ന ഒരു മുഹൂർത്തമാണ്. മേനോൻ സാറിനു എല്ലാവരുടെയും വക എന്റെയും കമ്പനിയുടെയും ബാക്കി ഇവിടെ കൂടിയിരിക്കുന്ന എല്ലാവരുടെയും, ഷെയർ ഹോൾഡേഴ്സിന്റെയും വക സുസ്വാഗതം. സുസ്വാഗതം. സുസ്വാഗതം.

അടുത്തതായി കഴിഞ്ഞ ഫെബ്രുവരി മാസം വരെ നമ്മുടെ chairman ആയിരുന്ന മോഹൻജി ഇവിടുണ്ട്. കഴിഞ്ഞ 10 വർഷത്തോളം ഡയറക്ടർ ആയിട്ടും ചെയര്മാന് ആയിട്ടും നമ്മളോടൊത്തും നമ്മുടെ കഷ്ടകാലങ്ങളിലും നമ്മുടെ നല്ല കാലങ്ങളിലും നമ്മോടൊത്തു നമ്മുടെ മുന്നിലും നമ്മോടൊരുമിച്ചും നമ്മുടെ കമ്പനിയെ മുന്നോട്ടു നയിച്ച മോഹൻജിക്ക് കെപിബിക്കും നമുക്കുമുള്ള കടപ്പാട് പറഞ്ഞറിയിക്കാനാവില്ല, തീർച്ചയായിട്ടും അദ്ദേഹം ഇപ്പോഴും നമ്മുടെ അഡ്വൈസറി ബോര്ഡില് ഉണ്ട് എന്നുള്ളതാണ് ഒരു സമാധാനം. അദ്ദേഹത്തിനെ ഹൃദയത്തിന്റെ ഭാഷയിൽ പ്രത്യേകം, പ്രത്യേകം സ്വാഗതം ചെയ്തു കൊള്ളുന്നു.

അടുത്തതായി പുതിയ സാരഥ്യം ഏറ്റെടുത്ത, കഴിഞ്ഞ ഫെബ്രുവരി മുതൽ ഏതാണ്ട് ഇപ്പോൾ 8 മാസത്തോളം ആയി, നമ്മുടെ പുതിയ ചെയര്മാന് ആയി സാരഥ്യം ഏറ്റെടുത്ത മോഹൻദാസ് സർ, മോഹൻദാസ് സർ ആണെങ്കിലും പുതിയതെന്നു പറയുന്ന ആ പോസ്റ്റിൽ മാത്രം പുതിയതാണ്, പക്ഷേ കമ്പനിയെ സംബന്ധിച്ച് ഈ കമ്പനിയുടെ തുടക്കം മുതലുള്ള ഒരാളാണ്. കമ്പനിയെ എല്ലാ തരത്തിലും മനസ്സിലാക്കിയ ഒരാളാണ്. 45 വർഷത്തോളം ആയ ഒരു സീനിയർ ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ സേവനം ഇത്ര ചെറിയ ഒരു കമ്പനിക്ക് കിട്ടുക എന്നുള്ളത് നമ്മുടെ തന്നെ വലിയ ഒരു അഭിമാനമാണ്.

നമ്മുടെ ടോപ് എക്സിക്യൂട്ടീവ്സ് എല്ലാവരും day to day ബേസിസിൽ അദ്ദേഹത്തിൽ നിന്നും advice എടുക്കുന്നുണ്ട്. Whether it be ഒരു

ബിസിനസ്സിന്റെ കാര്യത്തിലായാലും, അക്കൗണ്ട്സിന്റെ കാര്യത്തിലായാലും, ടാക്സിന്റെ കാര്യത്തിലായാലും, പ്രാക്ടിക്കൽ ആയിട്ടുള്ള എല്ലാ കാര്യത്തിലും, ഈ 45 വർഷത്തിന്റെ അദ്ദേഹത്തിന്റെ ചാർട്ടേർഡ് അക്കൗണ്ടന്റ് ആയിട്ടുള്ള സേവനം, നമുക്ക് വളരെയധികം, നമ്മുടെ കമ്പനിക്ക് ഗുണം ചെയ്യുന്നുണ്ട് എന്ന് പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. പ്രത്യേകം സ്വാഗതം ആശംസിക്കുന്നു, Respect ഓടെ

മോഹൻജിക്ക്, Mohandas Sir, Welcome.

അടുത്തതായി സ്വാഗതം പറയുന്നത് നമ്മുടെ വിശ്വരൂപൻ സാറിനാണ്. വിശ്വരൂപൻ സർ ഈ കമ്പനിയുടെ ഫോർമേഷൻ സമയത്, whether it be business, whether it be സ്ഥലം, സ്ഥലം വാങ്ങുന്നതിനാണെങ്കിലും ബിസിനസ് കാര്യത്തിലാണെങ്കിലും ക്യാപിറ്റൽ ഇറക്കുന്നതിലും കമ്പനിയുടെ തുടക്കത്തിൽ ധൈര്യമായി മുന്നോട്ടു വന്ന ആളുകളിൽ പ്രധാനിയാണ് നമ്മുടെ വിശ്വരൂപൻ സർ. ആ സമയത് ലാഭം ഉണ്ടാവുമോ, നഷ്ടം ഉണ്ടാവുമോ എന്നാർക്കും predict ചെയ്യാൻ പറ്റില്ല. ആ സമയത് നിസ്വാർത്ഥ സേവനം, മേനോൻ സാറിൻറെ വിശ്വാസത്തിലും അദ്ദേഹത്തിന്റെ ഒരു ധൈര്യത്തിൽ, ഇത് പോലെയുള്ള മഹത് വ്യക്തികൾ ധാരാളം വന്നിട്ടുണ്ടിവിടെ. അവരുടെ ഒരു കൂട്ടായ്മയുടെ ഫലം ആയിട്ടാണ് ഇവിടെ ഇന്ന് കമ്പനി ഈ ഒരു ലെവലിൽ എത്തി നില്ക്കുന്നത്. എന്തായാലും വിശ്വരൂപൻ സാറിനു ഈ ഒരവസരത്തിൽ ഇതെല്ലം സ്മരിച്ചുകൊണ്ട്, ഈ കമ്പനിയുടെ ഫോർമേഷൻ മുതൽ താങ്കളുടെ സേവനം സ്മരിച്ചു കൊണ്ട് ഒരു പ്രത്യേക സ്വാഗതം ആശംസിക്കുന്നു.

അടുത്ത സ്വാഗതം ആശംസിക്കുന്നത് രാജേഷ് സാറിനാണ്. രാജേഷ് സർ നമ്മുടെ ഒരു legacy Director എന്ന് വേണമെങ്കിൽ പറയാം, അദ്ദേഹത്തിന്റെ ഫാദറും ഇവിടെ director ആയിരുന്നു. രണ്ടുപേരും ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ആണ്. അവരെല്ലാമാണ് ഈ കമ്പനിയെ എല്ലാ തരത്തിലും എല്ലാ സപ്പോർട്ടും തന്നു നയിച്ച് കൊണ്ടിരിക്കുന്നത്. രാജേഷ് സാറിന്റെ advice ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ്, പ്രാക്ടിസിങ് ചാർട്ടേർഡ് അക്കൗണ്ടന്റ്, auditor എന്ന എല്ലാ നിലയിലും നമുക്ക് വളരെയധികം സഹായകമായിരുന്നു, supportive ആയിരുന്നു. ഈ അവസരത്തിൽ അതിനു നന്ദി പറഞ്ഞു കൊണ്ട് രാജേഷ് സാറിനെ സ്വാഗതം ചെയ്തു കൊള്ളുന്നു.

നമ്മുടെ കെപിബി നിധിയുടെ പാലക്കാട് റീജിയന്റെ ചുമതല നമ്മൾ സുരക്ഷിതമായ കൈകളിലാണ് ഏൽപ്പിച്ചിരിക്കുന്നത്. സ്വാമിനാഥൻ സർ. സാർ നമ്മുടെ ഡയറക്ടർ ആണ്. കമ്പനിയുടെ എല്ലാ കാര്യങ്ങളിലും ഒരു വിളിപ്പാടകലെ, ഒരു ഫോൺ കാൾ അകലെ പാലക്കാട് നമ്മുടെ

റീജിയണൽ മാനേജറും ടീമും എന്താവശ്യം വന്നാലും സാറിനെയാണ് വിളിക്കാറുള്ളത്. സാർ അവർക്കു വേണ്ട ഫുൾ സപ്പോർട്ട് കൊടുക്കുന്നുണ്ട്. അദ്ദേഹത്തിന് പ്രത്യേകം സ്വാഗതം ആശംസിക്കുന്നു. വെൽക്കം സ്വാമിനാഥൻ സർ.

അടുത്തതായി രാജിമോൾ സർ. രാജിമോൾ നമ്മുടെ ഏക ഒരു woman director ആണ്. ചാർട്ടേർഡ് അക്കൗണ്ടന്റ് ആണ്. നമ്മളെ സംബന്ധിച്ച് ബിസിനസിനായാലും ഓഡിറ്റ് കമ്മിറ്റിയിലായാലും രാജിമോളുടെ സാന്നിധ്യം വളരെ അധികം കമ്പനിക്ക് സപ്പോർട്ട് ചെയ്യുന്നതാണ്. രാജിമോൾക്കു പ്രത്യേകം പ്രത്യേകം സ്വാഗതം.

കെപിബിയുടെ ഡയറക്ടർ ബോർഡിലെ ഒരു നാഷണൽ presence, അതാണ് Dinny സർ. Retd Col Dinny Sir. നമ്മുടെയൊരു നാഷണൽ presence ആണ്. കെപിബിയുടെ ഒരു അഭിമാനമാണ്. നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവും, TV Channels ഇൽ, national as well as international TV channels ഇൽ, ഒരു expert panel, ഡിഫെൻസിന്റെയായാലും foreign affairs ഇന്റെയായാലും expert പാനലിലെ ഡെന്നി സാറിന്റെ മുഖം പലർക്കും familiar ആണ്. അദ്ദേഹം എന്തായാലും, നമ്മൾ അത് കെപിബിയുടെ presence ആണ്, ആ ചാനലിൽ കെപിബിയുടെ presence ആയിട്ടാണ് നമ്മൾ കണക്കാക്കാറുള്ളത്. അദ്ദേഹത്തിന് പ്രത്യേകം പ്രത്യേകം സ്വാഗതം.

ചാർട്ടേർഡ് അക്കൗണ്ടന്റ്സ് മാത്രമല്ല, നമുക്ക് advocates ഉം നമ്മുടെ ഡയറക്ടർ ബോർഡിലുണ്ട്. ഹൈ കോടതിയിൽ പ്രക്ടിസ് ചെയ്യുന്ന സീനിയർ അഡ്വക്കേറ്റ് ആയ ഹരീഷ് സർ നമ്മോടൊത്തുണ്ട്. നമ്മുടെ ഡയറക്ടർ ആയി, നമ്മുടെ എല്ലാ അഫയേഴ്സിലും എല്ലാ കമ്മിറ്റിയിലും വളരെ ആക്റ്റീവ് ആയി പ്രവർത്തിക്കുന്നു, നമ്മുടെ എന്ത് ലീഗൽ അഡ്വൈസ്, എന്ത് കാര്യങ്ങൾക്കാണെങ്കിലും. ഒരു കമ്പനി ആവുമ്പോൾ നിങ്ങൾക്കറിയാം ഒരു ഫിനാൻഷ്യൽ സ്ഥാപനത്തിൽ പല ലീഗൽ കാര്യങ്ങൾ തീരുമാനമെടുക്കേണ്ടി വരും. പോലിസ് ആയിട്ടു ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടി വരും. ഇതിലെല്ലാം ഹരീഷ് സാറിന്റെ സേവനങ്ങൾ നമുക്ക് വിലപ്പെട്ടതാണ്, പലപ്പോഴും റെഗുലർ ആയിട്ടു. Even അങ്ങേര് കോടതിയിൽ നിൽക്കുമ്പോൾ പോലും നമ്മൾ ബുദ്ധിമുട്ടിക്കാറുണ്ട്. പക്ഷെ, വളരെ സന്തോഷത്തോടു കൂടി തന്നെ കമ്പനിയുടെ എല്ലാ കാര്യങ്ങളിലും നമ്മോടൊത്തു നിൽക്കുന്ന ഹരീഷ് സാറിനു ഹൃദയംഗമമായ സ്വാഗതം ആശംസിക്കുന്നു.

ഇനി നമ്മുടെ അഡ്വൈസർസ് നെ കുറിച്ച് രണ്ടു വാക്ക് പറയാം. ശർമ സർ ആണ് നമ്മുടെ എംഡി ആയും ചെയർമാന് ആയും ഇരുന്ന ശർമ സർ. നമ്മുടെ കെപിബിയെ ബാല്യത്തിൽ നിന്നും ഒരു യൗവ്വനത്തിലേക്കു എത്തിച്ചതാണ് ശർമ സർ ചെയ്ത ഒരു കാര്യം. ആ യൗവ്വനയുക്തയായ കെപിബിയെ diciplined, matured and experienced ആക്കിയതാണ് നമ്മുടെ ജഗദീശൻ സാറിന്റെ ഒരു കർത്തവ്യം. ഇതും നമുക്ക് ആവശ്യം തന്നെ ആയിരുന്നു. പ്രസാദ് സർ നമ്മുടെ കമ്പനിയുടെ ഓരോ കാര്യങ്ങളിലും ഉടനടി answer തരുന്ന, അപ്പോൾ തന്നെ ഗൂഗിൾ നോക്കി അപ്പോൾ തന്നെ നമുക്ക് answer തരും. എന്നും കെപിബിയെ ഹൃദയത്തിൽ കൊണ്ട് നടക്കുന്ന പ്രസാദ് സർ സീനിയർ ചാർട്ടേർഡ് അക്കൗണ്ടന്റ് ആണ്. മൂന്നു പേർക്കും പ്രത്യേകം പ്രത്യേകം സ്വാഗതം ആശംസിച്ചു കൊള്ളുന്നു.

നമ്മുടെ ഓഡിറ്റർ സജീവ് സർ എത്തിയിട്ടുണ്ട്. സജീവ് സാറിന്റെ സേവനവും വിലപ്പെട്ടതായിരുന്നു. ഓഡിറ്റ് എല്ലാം വളരെ നിഷ്ഠയോടും കൃത്യതയോടും അദ്ദേഹം ചെയ്തു തന്നു. അദ്ദേഹത്തിന് പ്രത്യേകം സ്വാഗതം. മിഥുൻ സർ എത്തിയിട്ടുണ്ട്. നമ്മുടെ കമ്പനി സെക്രട്ടറി, നമ്മുടെ പ്രാക്ടിസിങ് കമ്പനി സെക്രട്ടറി. compliance ന്റെ കാര്യത്തിൽ വളരെ സ്ട്രിക്റ്റ് ആണ്. ഓരോ മാസവും ഞങ്ങളോട് ചോദിക്കും,എല്ലാ ക്വാർട്ടർലി സ്റ്റേറ്റ്മെന്റോ മന്ത്‌ലി സ്റ്റേറ്റ്മെന്റോ ഹാഫ് yearly സ്റ്റേറ്റ്മെന്റോ സമയ പരിധിക്കനുസരിച്ച് . കമ്പനി complied ആയിട്ടു പോകുന്ന, complianceന് ഏറ്റവും മുൻതൂക്കം കൊടുക്കുന്ന കമ്പനിയാണ്. കാരണം ചാർട്ടേർഡ് അക്കൗണ്ടന്റ് തുടങ്ങി ആരും പിന്നോക്കം നിൽക്കുന്നവരല്ല. എല്ലാവരും ചോദിക്കുന്ന, ബോർഡ് മീറ്റിംഗിൽ ചോദിക്കുന്ന ഒരേ ഒരു കാര്യം, ബോർഡ് മീറ്റിംഗിൽ infact ഒരു അജണ്ട തന്നെയുണ്ട്, നിധി കമ്പനി റൂൾസ് നമ്മൾ കംപ്ലൈ ചെയ്യുന്നുണ്ടോ ഇല്ലയോ. അപ്പൊ, അത്, ആ compliance നു നമ്മളെ വളരെ അധികം സഹായിക്കുന്ന കമ്പനി സെക്രട്ടറി, പ്രാക്ടിസിങ് കമ്പനി സെക്രട്ടറി മിഥുൻ സാറിനും പ്രത്യേകം സ്വാഗതം ആശംസിക്കുന്നു.

പിന്നെ നമ്മുടെ KMPs, കമ്പനി സെക്രട്ടറി എലിസബത്ത് മാത്യു, പിന്നെ ജയലക്ഷ്മി മാഡം, KMPs നു പ്രത്യേക സ്വാഗതം ആശംസിക്കുന്നു. പിന്നെ നമ്മുടെ ഏറ്റവും ബ്ലെസ്സിങ്സ് തരുന്ന EX Directors. അവരുടെ ഒരു മനസ്സിന്റെ അനുഗ്രഹമാണ് വാസ്തവം പറഞ്ഞാൽ കമ്പനി മുന്നോട്ടു പോകുന്നത്. അവരെ എല്ലാവരെയും സാധാരണ കഴിഞ്ഞ മീറ്റിംഗിൽ നമ്മുടെ മോഹൻജി പറഞ്ഞു, എല്ലാ മീറ്റിംഗിലും നമുക്ക് എക്സ് Directors ന്റെ ഒരു ഗ്രൂപ്പ് ഉണ്ടാവണം, ആ ഗ്രൂപ്പിൽ എല്ലാവരെയും വിളിക്കണം, അവരെല്ലാം പറ്റുന്നവർ വരട്ടെ. പലരും ഇവിടെ, പേര് പറയുകയാണെങ്കിൽ നമുക്ക് പത്തോ ഇരുപത്തഞ്ചോ പേര് പറയേണ്ടി വരും. അപ്പൊ അവരൊക്കെ വിളിച്ചു വരുത്തി, അവർക്കു പറ്റുന്നവർ വരട്ടെ അല്ലാത്തവർ വീട്ടിൽ ഇരുന്നു നമ്മളെ അനുഗ്രഹിക്കട്ടെ.

അതിപ്പോഴും നമ്മൾ തുടരുന്നുണ്ട്. എല്ലാ മീറ്റിംഗുകളിലും നമ്മൾ എല്ലാ എക്സ് ഡിറക്ടർസിനും മെസ്സേജ് അയക്കുന്നുണ്ട്. പലരും എത്താൻ പറ്റാറില്ല. കഴിഞ്ഞ ദിവസമാണ് നമ്മുടെ ടി എസ് രാമകൃഷ്ണൻ, ധനലക്ഷ്മി ബാങ്കിലെ മാനേജിങ് ഡയറക്ടർ ആയിരുന്നു. ഇന്നലെ വൈകുന്നേരം ചോദിച്ചു, വരൻ പറ്റുമോ. സർ പറഞ്ഞു, വരണം ന്നുണ്ട്, മേനോൻ സർ ഉണ്ടാവുമോ, എനിക്കൊന്നു കാണണം എന്ന് പറഞ്ഞു. പക്ഷെ ഇന്ന് രാവിലെ അദ്ദേഹം വിളിച്ചു പറഞ്ഞു എനിക്ക് എത്താൻ പറ്റില്ല, സോറി ന്നു പറഞ്ഞു. അങ്ങിനെ പലരും ഫോണിൽ വിളിച്ചു ബുദ്ധിമുട്ടുകൾ പറയാറുണ്ട്. പിന്നെ എന്തായാലും ഇവിടെ വന്നു സന്നിഹിതരായിട്ടുള്ള എല്ലാ ഡിറക്ടർസ്, വാസുദേവൻ സർ, ഗോപാലകൃഷ്ണൻ സർ, രാംമോഹൻ സർ, പദ്മനാഭൻ സർ, പിന്നെ ഇതിൽ ജോയിൻ ചെയ്ത എല്ലാ എക്സ് ഡിറക്ടർസിനും നമ്മുടെ സിസ്റ്റത്തിൽ ജോയിൻ ചെയ്ത എല്ലാ എക്സ് ഡിറക്ടർസിനോടും, നിങ്ങളുടെ അനുഗ്രഹത്തിന് വേണ്ടി കെപിബി കമ്പനിയുടെ എംഡി എന്ന നിലക്ക്, കെപിബി കമ്പനിക്ക് ലീഡ് ചെയ്യുന്ന എനിക്കും എല്ലാവരുടെയും ബ്ലെസ്സിങ്സ് ആവശ്യമുണ്ട്. ദയവു ചെയ്തു എല്ലാവരും കെപിബി നിധിയുടെ ഉന്നമനത്തിനു വേണ്ടി പ്രാർത്ഥിക്കുക, നിങ്ങളുടെ അനുഗ്രഹം നൽകുക എന്ന് റിക്വസ്റ്റ് ചെയ്യുന്നു. പിന്നെ നമ്മുടെ IT ടീം, ടെക്നിക്കൽ ടീം, വീഡിയോ അറേഞ്ച് ചെയ്തവർ, തുടർച്ചയായി നാലാമത്തെ വർഷമാണ് നമ്മുടെ മീറ്റിംഗ് ഇങ്ങിനെ നടത്തുന്നതിൽ ടെക്നിക്കൽ അസ്സിസ്റ്റൻസ് തരുന്നത്. അവർക്കും ഈ അവസരത്തിൽ പ്രത്യേകം സ്വാഗതം ആശംസിക്കുകയാണ്. പിന്നെ നമ്മുടെ ഹെഡ് ഓഫീസിലുള്ള എക്സിക്യൂട്ടീവ്സ്, എല്ലാ ഡിപാർട്ട്മെന്റ് ഹെഡ്സും, ഷെയർ ഡിപ്പാർട്ട്മെന്റ്, അക്കൗണ്ട് ഡിപാർട്ട്മെന്റ്. ഇവർ രണ്ടുപേരുമാണ് ഈ മീറ്റിംഗ് സംബന്ധിച്ചു എല്ലാ കാര്യങ്ങളിലും കൂടുതൽ ഇൻവോൾവ് ചെയ്യുന്നത്. ബാക്കി എല്ലാ ഡിപ്പാർട്ട്മെന്റിലെ എക്സിക്യൂട്ടീവ്സും നമ്മുടെ എല്ലാ ബ്രാഞ്ചിലെ മാനേജേഴ്സും, ബ്രാഞ്ചിലെ അസിസ്റ്റന്റ് മാനേജേഴ്സും, ബാക്കി എല്ലാ സ്റ്റാഫും, എല്ലാവരും ഇപ്പോൾ ലോഗിൻ ചെയ്തിട്ടുണ്ടാകും. നമ്മുടെ കമ്പനിയുടെ ഷെയർ ഹോൾഡേഴ്സ് തന്നെയാണ് അവരെല്ലാവരും. കമ്പനിക്ക് വേണ്ടി ഓരോ നിമിഷവും സ്വന്തം കമ്പനി എന്നുള്ള നിലക്കാണ് ഇവരെല്ലാം പ്രവർത്തിക്കുന്നത്. അവരുടെയെല്ലാവരുടെയും ഒരു യോജിച്ച പ്രവർത്തനഫലമാണ് നമ്മുടെ ബാലൻസ് ഷീറ്റ് ഇത്രയും ഭംഗിയായിട്ടു വന്നത്.എന്തായാലും അവരെ എല്ലാവരെയും ഈ യോഗത്തിലേക്ക്, ഇന്നത്തെ ഈ മീറ്റിംഗിലേക്കു സ്വാഗതം ചെയ്യുന്നു.

പലരും വരാമെന്നേറ്റു വന്നിട്ടില്ല, എങ്കിലും രാജേന്ദ്രൻ സർ വരാമെന്നു പറഞ്ഞിരുന്നു, കണ്ടില്ല. ഗോപാലകൃഷ്ണൻ സർ എത്തിയതിൽ പ്രത്യേകം നന്ദി. സർ ആദ്യമായിട്ടാണ് ഇത്രയും -സാറിന്റെ വീടെവിടെയാ? തൊടുപുഴ. തൊടുപുഴയിൽ നിന്നും നമ്മുടെ കമ്പനിയുടെ ഇന്നത്തെ ഒരു ദിവസത്തേക്ക് വേണ്ടി സർ ബാക്കി എല്ലാ തിരക്കുകളും മാറ്റി വച്ച് വന്നു. സാറിന് പ്രത്യേകം സ്വാഗതം ആശംസിക്കുന്നു.

ഇ വോട്ടിംഗ് സ്റ്റാർട്ട് ചെയ്തിട്ടുണ്ട്. എല്ലാവരും ഇ വോട്ടിംഗ് ഉടനെ തന്നെ ചെയ്യണം. ഏതാണ്ട് നമുക്ക് ഒരു അര മണിക്കൂറിനുള്ളിൽ തന്നെ ഇ വോട്ടിംഗ് കമ്പ്ലീറ്റ് ചെയ്യണം. ഇവിടെ കൂടിയിരിക്കുന്ന ഡിറക്ടർമാരിൽ ഇ വോട്ടിംഗ് കഴിയാത്ത ആൾക്കാർ ഇ വോട്ടിംഗ് ചെയ്യണം.

ഇനി നമുക്ക് അടുത്ത ഘട്ടത്തിലേക്ക് കടക്കാം. എല്ലാവർക്കും നന്ദി, നമസ്കാരം.

**ചെയർമാൻ**:

ചെയർമാന്റെ അഡ്രസ് ആണ്.

Most beloved and respected patron of our Company Sri. PEB Menon Sir, past directors of the Company present here, Members of the Advisory Board, Other Board Members, Executives of the Company, Statutory Auditor, Company Secretary, and my dear Shareholders.

I am happy that nearly 75 members are attending the meeting and I request all of you to be present throughout the meeting.

At the outset, let me express my sincere thanks to Sri. A R Mohanan, from whom I have received the mantle to chair the Board. It is gratifying to note that our Company has achieved significant milestones during his tenure as Director and Chairman of KPB Nidhi Ltd. Thank you Mohanji.

As Indian economy is set to expand and soar, posed for continued success and prosperity, our company is also following suit with sustained growth in all areas of business which has reflected in the steady growth of profitability. As to the true tradition of the company, we always share the fruits with all stakeholders and it is with great pride and pleasure, I inform you that Board has recommended dividend of 11%.

Through concerted CSR efforts, the institution has been able to give back to society with various initiatives in the last financial year. We assure we shall be able to continue to do so in the years to come with increased business across the state of Kerala.

Another happy news I wish to share with you is the progress of the construction of our new Corporate Building. God willing, we may be able to function in the new Corporate Office in the current financial year itself.

നേരത്തെ മാനേജിങ് ഡയറക്ടർ സൂചിപ്പിച്ച പോലെ നമ്മുടെ കമ്പനിയിലെ എല്ലാ പ്രവർത്തകർ, അതായത് എക്സിക്യൂട്ടീവ്സ്

ആയാലും കമ്പനിയിലെ ജീവനക്കാർ ആയാലും എല്ലാവരുടെയും ഡെഡിക്കേറ്റഡ് പരിശ്രമം കൊണ്ടാണ് നമുക്ക് ഈ വര്ഷം ഇത്രയും നല്ല രീതിയിൽ ഉള്ളൊരു അക്കൗണ്ട്സ് present ചെയ്യാൻ സാധിച്ചത്. വളരെയധികം effort നമ്മുടെ എക്സിക്യൂട്ടീവ്സും അത് പോലെ തന്നെ നമ്മുടെ മാനേജ്മെന്റും നടത്തുന്നുണ്ട്. അതിലൊക്കെ ഈ സമയത്തു അവരെ നന്ദിപൂർവം സ്മരിക്കുകയാണ്. എല്ലാവര്ക്കും എന്റെ അഭിനന്ദനങ്ങൾ. ഈ സെപ്റ്റംബര് 30 തിലെ ഒരു റിസൾട്ട് നോക്കുകയാണെങ്കിൽ തന്നെ അഗസ്റ്റിന്റെ ബേസിസിൽ unaudited figures വച്ച് നോക്കുകയാണെങ്കിൽ തന്നെ നമ്മുടെ കമ്പനിക്ക് നല്ല പ്രോഗ്രസ്സ് ഉണ്ടായിട്ടിട്ടുണ്ട്. ഷെയർ ഹോൾഡേഴ്സിനെ സംബന്ധിച്ചു ആണെങ്കിൽ നമ്മൾ 11% ഡിക്ലയർ ചെയ്തത് എല്ലാവര്ക്കും സന്തോഷകരമായിരിക്കുമെന്നു വിശ്വസിക്കുന്നു. നെക്സ്റ്റ് ഇയർ നമുക്ക് കുറച്ചു കൂടി മെച്ചപ്പെടുത്താൻ സാധിക്കുമെന്ന് ഒരു ഉറച്ച വിശ്വാസം ബോര്ഡിനുണ്ട്. അതിനു ജഗദീശ്വരൻ നമ്മെ അനുഗ്രഹിക്കട്ടെ. ഈ അവസരത്തിൽ ഇവിടെ എത്തിച്ചേർന്ന എല്ലാവര്ക്കും എന്റെ വിനീതമായ അഭിനന്ദനങ്ങൾ. കമ്പനിയുടെ ബാക്കിയുള്ള കാര്യങ്ങൾ നമ്മുടെ proceedings ഇൽ എംഡി വിശദീകരിക്കുന്നുണ്ടാവും. നെക്സ്റ്റ്, നമുക്ക് ഇ വോട്ടിങ്ങിന്റെ, എല്ലാവരും ഇ വോട്ടിങ്ങിനു തയാറാവണം. ഇ വോട്ടിങ്ങിനു ഒരു അര മണിക്കൂർ കൂടി കിട്ടും. അതിനു ശേഷം presentation of Audited Financials and Directors Report ആണ്. അത് മാനേജിങ് ഡയറക്ടർ നിർവഹിക്കുന്നതായിരിക്കും.ഇവിടെ എത്തിച്ചേർന്ന എല്ലാവര്ക്കും നമ്മുടെ അഭിനന്ദനങ്ങൾ . എല്ലാവരെയും ഈശ്വരൻ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു. നന്ദി. നമസ്കാരം.

**Managing Director:**

അടുത്തതായി നമ്മുടെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്സ്. ഏതാണ്ട് 90 പേജുള്ള ഒരു വലിയ റിപ്പോർട്ട് ആണ് നമ്മുടെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്സ്. അതുകൊണ്ടാണ് നമ്മൾ വളരെ നേരത്തെ തന്നെ സമയ പരിധിക്കുള്ളിൽ തന്നെ അത് എല്ലാവര്ക്കും ഇ മെയിൽ ആയിട്ട് അയച്ചു കൊടുത്തിട്ടുണ്ട്. എങ്കിലും മെയിൻ ആയിട്ടുള്ള പോയ്ന്റ്സ് മാത്രം ഞാൻ ടച്ച് ചെയ്തിട്ട്, വല്ലാതെ നീട്ടികൊണ്ടു പോകാതെ, കഴിഞ്ഞ ദിവസം ഏതോ ഒരു മീറ്റിംഗിൽ ഒരു ഷെയർ ഹോൾഡർ നമ്മൊളൊടു പറയുകയുണ്ടായി, വളരെ അധികം നീട്ടികൊണ്ടു പോകണ്ട, കാര്യം പറഞ്ഞു മുന്നോട്ടു പോയാൽ മതി. ഏതാണ്ട് ഈ റിപോർട്ടുകൾ മുഴുവൻ വയ്ക്കുകയാണെങ്കിൽ നമുക്ക് ഒരു 3 മണിക്കൂർ വേണ്ടി വരും. അതിലെ ഹൈ ലൈറ്റ് ആയിട്ടുള്ളത്, നമ്മുടെ കമ്പനിയുടെ ഹൈലൈറ്റ് ആയിട്ടുള്ള കാര്യങ്ങൾ മാത്രം ഞാൻ പറഞ്ഞു പോകാം. പിന്നെ എന്തെങ്കിലും സംശയം ആർക്കെങ്കിലും ഉണ്ടെങ്കിൽ ചോദിക്കാം.

നമ്മുടെ പതിനാലാമത്തെ പേജിൽ, performance at a glance എന്നുള്ള ആ റിപ്പോർട്ടിൽ ഏതാണ്ട് 7 വർഷത്തെ കമ്പനിയുടെ പ്രവർത്തന ഫലങ്ങൾ കാണിച്ചിട്ടുണ്ടായിരിക്കും. അതനുസരിച്ചു ഞാൻ എന്തായാലും കഴിഞ്ഞ വർഷത്തെ മാത്രം വച്ച് compare ചെയ്തു വരാം. Deposits നമുക്ക്, paid up capital നമുക്ക് ഏതാണ്ട് 42 കോടിയായിരുന്നു, 2022-23 ഇൽ. അത് നമ്മൾ 44 കോടി paid up capital and reserves 44 കോടി ആയിട്ടുണ്ട്. നമ്മുടെ നിധി റൂൾ അനുസരിച്ചു 44 കോടിയുടെ 20 ടൈംസ്, അതായത് 880 കോടി വരെ നമുക്ക് ഡെപ്പോസിറ്റ്സ് ആയിട്ട് വാങ്ങിക്കാൻ പറ്റും. പക്ഷെ നമ്മൾ ഏതാണ്ട് 620 കോടിയോളം ഡെപ്പോസിറ്റ്സെ ഉള്ളൂ. അപ്പൊ അതെല്ലാം within complied ആയിട്ടാണ് നമ്മൾ പോയിക്കൊണ്ടിരിക്കുന്നത്. പിന്നെ ആവശ്യമില്ലാതെ കൂടുതൽ ടെപോസിറ്റ് വാങ്ങിച്ചു വച്ചിട്ടുണ്ടെങ്കിൽ നമ്മുടെ asset liability Management, CD ratio, പ്രോഫിറ്റബിലിറ്റി ഇതിനെയെല്ലാം ബാധിക്കുന്നത് കൊണ്ട് നമുക്കാവശ്യമുള്ള ഒരു ഡെപ്പോസിറ് സ്ട്രാറ്റജി, ചുമ്മാ കുറെ ഡെപ്പോസിറ് വാങ്ങി വച്ച്, ഫണ്ടിനെ ബാങ്കിൽ കൊണ്ടിട്ടു 6 ശതമാനത്തിനോ 7 ശതമാനത്തിനോ ഡെപോസിറ്റ് ഇടുക. അങ്ങനൊരു സ്ട്രാറ്റജി ഇല്ലാത്തതു കൊണ്ടാണ് കുറെ ഫിഗർ നമ്മൾ കൂടുതൽ കാണിക്കാത്തത്. നമുക്ക് ആവശ്യമുള്ളോരു ഫണ്ട് ആവശ്യമുള്ള റേറ്റിൽ എടുത്തു ആ ഫണ്ട് ലാഭത്തിൽ ഡിപ്ലോയ് ചെയ്യുക, അതാണ് കമ്പനിയുടെ accepted പോളിസി. പിന്നെ നിങ്ങൾക്കറിയാം നമ്മുടെ ബോർഡില് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ആണ്. ഓരോ മീറ്റിംഗിലും അവർ ഇതെല്ലം ശ്രദ്ധിക്കും. ആ ഒരു അഡ്വൈസ് കൊണ്ടാണ് നമ്മൾ ഡെപ്പോസിറ്റ്സ്, വേണെങ്കിൽ നമുക്ക് 880 കോടി വരെ എത്തിക്കാം. പക്ഷെ എത്തിച്ചിട്ടു അതിനനുസരിച്ചുള്ള ഡിപ്ലോയ്മെന്റ് പോസ്സിബിൾ അല്ലെങ്കിൽ പ്രോഫിറ്റബിലിറ്റിയെ അഫക്ട് ചെയ്യും എന്നുള്ള കാരണം കൊണ്ട് ആവശ്യമുള്ള ഡെപോസിറ്റിലാണ് നമ്മൾ പോയിക്കൊണ്ടിരിക്കുന്നത്.

അടുത്തതായി അഡ്വാൻസ്. അഡ്വാൻസസായാലും 497 ഇൽ നിന്ന് നമുക്ക് 538 കോടിയിലേക്കാണ് നമ്മുടെ അഡ്വാൻസ് എത്തിയിരിക്കുന്നത്.

Profit before tax - കഴിഞ്ഞ വര്ഷം 594 ആയിരുന്നു. ഈ വര്ഷം അത് 682 lacs ലേക്കെത്തി നിൽക്കുന്നു. 594 lacsൽ നിന്നും Profit before tax 682 lacsലേക്ക്. എല്ലാ പ്രൊവിഷൻസും എല്ലാ requirements ഉം statutory requirements ഉം ഓഡിറ്റർ പറഞ്ഞ പ്രൊവിഷൻസും ബാഡ് debts ഉം കഴിഞ്ഞിട്ടാണ് ഈ ഒരു Profit before tax ലേക്ക് നമ്മൾ എത്തിയിരിക്കുന്നത്. tax ആയിട്ട് നമുക്ക് ഏതാണ്ട് 1.80 cr കൊടുക്കണം. 180lacs, tax കൊടുത്തതിനു ശേഷം നമുക്ക് 504 lacs യാണ് നമ്മുടെ net profit ആയിട്ട് വന്നത്.

വെൽക്കം കമ്പനി സെക്രട്ടറി. ന്യൂ കമ്പനി സെക്രട്ടറി നമ്മുടെ ജോയിൻ ചെയ്തിട്ടുണ്ട് മീറ്റിംഗിൽ, ലേറ്റ് ആയാലും, വെൽക്കം യു.

Profit after tax ആണ് ഞാൻ പറഞ്ഞത്. നമുക്കെന്താണ്ട് 504 lacs profit. Tax അടച്ചതിനു ശേഷം. 180 lacs tax അടച്ചതിനു ശേഷം. 504 ലക്ഷം. 504 ലക്ഷത്തിന്റെ net profit നമുക്കുണ്ട്. നമ്മുടെ net owned funds ഞാൻ നേരത്തെ പറഞ്ഞു. 42 കോടിയിൽ നിന്നും 44 കോടി ആയിട്ട് ഉയർന്നിട്ടുണ്ട്.

നമ്പർ ഓഫ് ബ്രാഞ്ചെസ് നമുക്ക് ഇപ്പോഴത്തെ റെസ്ട്രിക്ഷൻസ് കാരണം പുതിയ ബ്രാഞ്ചെസൊന്നും നമ്മൾ തുടങ്ങിയിട്ടില്ല. പക്ഷെ ഉള്ള ബ്രാഞ്ചെസ് വച്ച് തന്നെ നമുക്ക് profit കൂട്ടാൻ പറ്റി എന്നുള്ളതാണ് കെപിബി നിധിയുടെ, കെപിബി ടീമിന്റെ ഒരു വിജയം. പുതിയ ബ്രാഞ്ചുകൾ ഓപ്പൺ ചെയ്തില്ലെങ്കിൽ കൂടി ബിസിനസ് കൂട്ടി, profit കൂട്ടി നമുക്ക് മുന്നോട്ടു പോകാൻ കഴിഞ്ഞു എന്നുള്ളതാണ് നമ്മുടെ ഒരു വിജയം. അതിൽ നിങ്ങൾ എല്ലാ ഷെയർ ഹോൾഡേഴ്സും, നമ്മുടെ ഇപ്പോഴത്തെ ഷെയർ ഹോൾഡേഴ്സിന്റെ നമ്പർ ഏതാണ്ട് ഒരു ലക്ഷത്തി ഇരുപത്തിനായിരത്തോടടുത്താണ്. 120000 ഓളം ഷെയർ ഹോൾഡേഴ്സ് ഉള്ള ഒരു വലിയ കമ്പനി ആണ് നമ്മുടെ കമ്പനി. നിങ്ങളോടു എല്ലാവരോടും ഈ അവസരത്തിൽ പ്രത്യേകം നന്ദി. നമുക്ക് നല്ല പ്രോഫിറ് ഫിഗർ കാണിക്കാൻ പറ്റി. നല്ല net profit ഉണ്ടാക്കാൻ പറ്റി. നന്നായി tax കൊടുക്കാൻ സാധിച്ചു. ബ്രാഞ്ചെസിന്റെ കാര്യത്തിൽ നമ്മൾ further Govt.policy അനുസരിച്ചാണ് പുതിയ ബ്രാഞ്ചിന്റെ expansion പോളിസി നമ്മൾ ചെയ്യുന്നുള്ളു.

Profit per employee നിങ്ങൾ കഴിഞ്ഞ ഏഴു വർഷത്തെ എടുത്തു നോക്കുകയാണെങ്കിൽ, നമുക്ക് ഏതാണ്ട് 0.50lacs ആയിരുന്നു, തുടക്കത്തിൽ ഉണ്ടായിരുന്ന ഒരു Profit per employee.അത് നമുക്ക് 1.79 per employee profit എന്നുള്ളൊരു ലെവെലിലേക്കു എംപ്ലോയീ പ്രൊഡക്റ്റിവിറ്റി നമുക്ക് എത്തിക്കാൻ സാധിച്ചു.

ഡിവിഡണ്ടിന്റെ കാര്യത്തിലായാലും നിങ്ങള്ക്ക് chairman നേരത്തെ പറഞ്ഞു, നമ്മൾ 5% ഇൽ ആണ് തുടങ്ങിയത്. അന്ന് മോഹൻജി ആയിരുന്നു chairman. 20-21 ഇൽ മോഹൻജി പറഞ്ഞു, 5% നമുക്ക് തുടങ്ങാം. അടുത്ത വർഷം പറ്റുവാണെങ്കിൽ നോക്കാം കൂട്ടാം, എന്ന് പറഞ്ഞു.പക്ഷെ അദ്ദേഹത്തിന്റെ വാക്കുകൾ പ്രാവർത്തികമാക്കാൻ കെപിബി ടീമിന് കഴിഞ്ഞു. 5% ഇൽ നിന്ന് നെക്സ്റ്റ് year ഇൽ അത് 7% ആയി. കഴിഞ്ഞ വർഷം 10% ആയി. ഇത്തവണ 11% ആയി. അങ്ങിനെ ഉയർച്ചയിൽ നിന്നും ഉയർച്ചയിലേക്കാണ് നമ്മുടെ കമ്പനി പോയി കൊണ്ടിരിക്കുന്നത്. നിങ്ങൾക്കെല്ലാവർക്കും അതിനുള്ള പ്രത്യേക നന്ദി ഞങ്ങൾ ഈ അവസരത്തിൽ അറിയിക്കുകയാണ്.

പിന്നെ നമ്മുടെ കമ്പനിയുടെ Director's Report പേജ് നമ്പർ 25, അതിൽ ഇക്കാര്യം വീണ്ടും repeat ചെയ്യു പറയുന്നുണ്ട്. അതിൽ ഒരു കാര്യം മാത്രം ശ്രദ്ധിച്ചാൽ മതി. നമുക്ക് revenue from gold loan 62 കോടിയിൽ നിന്നും 72 കോടിയായിട്ടാണ് ഉയർന്നിരിക്കുന്നത്. നമ്മുടെ എന്തുകൊണ്ട് profit കൂടി എന്നുള്ളതിന്റെ ജസ്റ്റ് ആ Director's Report പേജ് നമ്പർ 25 നോക്കിയാൽ കാണാം. 62 കോടി ഇരുപത്തിമൂന്നിൽ നമുക്കുണ്ടായിരുന്ന revenue from gold loan 72 കോടി ആയിട്ട് നമുക്ക് ഉയർത്താൻ സാധിച്ചു. അതാണ് നമ്മുടെ പ്രൊഫിറ്റിന്റെയും സക്സസ്സിന്റെയും എല്ലാം ഒരു ബേസിസ്. ഗോൾഡ് ലോണിൽ തന്നെയാണ് ഈ വർഷവും ഫോക്കസ് കൊടുക്കുന്നത്. Chairman നേരത്തെ സൂചിപ്പിച്ചതു പോലെ 31.08 വരെയുള്ള നമ്മുടെ പ്രവർത്തന ഫലം നോക്കുകയാണെങ്കിൽ നമ്മൾ ഇതേ രീതിയിൽ തന്നെ വളരെ സക്സസ്സ്ഫുൾ ആയിട്ടാണ് മുന്നോട്ടു പോകുന്നത്. ഗോൾഡ് ലോണിൽ നമുക്ക് നഷ്ടങ്ങൾ ഒന്നുമില്ലാതെ മുന്നോട്ടു കൊണ്ട് പോകാൻ പറ്റി. പ്രൊവിഷൻസ് എല്ലാം auditors പറയുന്നത് പോലെ വെക്കാൻ പറ്റി. ഗ്രാറ്റുവിറ്റി പ്രൊവിഷൻ ഓഫ് എംപ്ലോയീസ് - അത് complete 100% complied ആയിട്ടുള്ള ഒരു കമ്പനി ആണ് നമ്മൾ. ഇത്രയും ചെറിയ ഒരു beginning ഇൽ തുടങ്ങിയ ഒരു കമ്പനി 10 - 400 ഓളം സ്റ്റാഫിന് എല്ലാ കാര്യങ്ങളും നടത്തി വളരെ ഭംഗിയായിട്ടു മുന്നോട്ടു പോകുവാൻ സാധിച്ചു എന്നുള്ളത് വളരെ അധികം ചാരിതാർഥ്യമാണ്. Director's റിപ്പോർട്ടിൽ പിന്നെ കൂടുതൽ പറയുന്നത് നമ്മുടെ ഡിവിഡന്റ് പറഞ്ഞു, റിസേർവ് പറഞ്ഞു, പുതിയ directors ഒന്നും ഈ തവണയല്ല. കഴിഞ്ഞ വര്ഷം ഉള്ള ആളുകളിൽ തന്നെ -അവരുടെയാണ് റെസൊല്യൂഷൻസ് നമ്മൾ - രണ്ടു പേരേയുള്ളൂ, retiring by rotation. വിശ്വരൂപൻ സാറും സ്വാമിനാഥൻ സാറും. അവർ, they have offered for further directorship. അത് മാത്രമേ ഉള്ളൂ ഒരു റെസൊല്യൂഷൻസ് ആയി വരുന്നത്.

മറ്റെല്ലാം usual ആയിട്ടുള്ള കാര്യങ്ങൾ മാത്രേ ഉള്ളൂ കമ്പനിയിൽ വരുന്നത്. ഓഡിറ്റോർസ് റിപ്പോർട്ടിൽ പ്രത്യേകം കമന്റ്സ് ഒന്നുംമില്ല. അതും നമുക്ക് വളരെയധികം ചാരിതാർഥ്യജനകമാണ്. ഓഡിറ്റ് എന്ന് പറയുന്നത് ഇപ്പൊ നമ്മുടെ കമ്പനിയുടെ ഓഡിറ്റ് 83 ബ്രാഞ്ചസിലെ ഓഡിറ്റും പല ഓഡിറ്റേർസ് ആണ്. ഒരു ഓഡിറ്റർ അല്ല. സെൻട്രൽ ഓഡിറ്റർസ് നമ്മുടെ സജീവ് സാറുണ്ട്. പക്ഷെ അവരുടെ നേതൃത്വത്തിൽ 83 ബ്രാഞ്ചസിലും ഓഡിറ്റ് നടക്കുന്നുണ്ട്. അത് ഡിഫറൻറ് ഓഡിറ്റോർസ് ഫ്രം അതാതു ഏരിയയിൽ ഉള്ള ഓഡിറ്റർസ് ആണ് ഈ audit നടത്തുന്നത്. ആ ഓഡിറ്റ് എല്ലാം സെൻട്രൽ ലെവലിൽ വന്നു കൺസോളിഡേറ്റ് ചെയ്തു പഠിച്ചു ഒരു കമെന്റും ഇല്ലാത്ത ഒരു റിപ്പോർട്ട് നമുക്ക് നല്കാൻ സാധിച്ചു എന്നുള്ളത് ഒരു കൂട്ടായ്മയുടെ, വളരെ ഡിസിപ്ലിൻഡ് ആയിട്ട് കമ്പനി പോകുന്നു എന്നുള്ളതിന്റെ, ഒരു

തെളിവാണ്. അത് എന്തായാലും അത് continue ചെയ്യുമെന്ന ഒരു ഉറപ്പു കൂടെ എംഡി എന്നുള്ള നിലക്ക് ഞാൻ നമ്മുടെ ഷെയർ ഹോൾഡേഴ്സിന് തരികയാണ്. കമ്പനി, compliance ന്റെ കാര്യത്തിലായാലും ഡിസിപ്ലിൻറെ കാര്യത്തിലായാലും വളരെയധികം മുന്നോട്ടു പോയിട്ടുണ്ട്. ഇനിയും കുറെ കാര്യങ്ങൾ കൂടി ചെയ്യാനുണ്ട്. ഡിസിപ്ലിൻറെ കാര്യത്തിലായാലും നമ്മുടെ കമ്പനിയുടെ compliance angle ഇൽ ആണെങ്കിലും ഡെയിലി ബേസിസിൽ, ഞാൻ ഉദ്ദേശിക്കുന്നത് ഒരു concurrent audit system - അത് കൂടി നമ്മുടെ കമ്പനിയിലേക്ക് കൊണ്ടുവന്നാലെ എനിക്ക് പൂർണമായിട്ടു തൃപ്തിയാവുള്ളൂ. ഞങ്ങൾ ഒക്കെ ബാങ്കിൽ നിന്നും വന്ന ആളുകളാണ്. അവിടെ ഹെഡ് ഓഫീസിൽ ഓരോ ഡിപ്പാർട്ട്മെന്റും ഹെഡ് ചെയ്യുന്നത്. അപ്പൊ എങ്ങിനെ ഒരു ബാങ്ക് പ്രവർത്തിക്കുന്നു, അതെ രീതിയിൽ തന്നെ നമ്മുടെ കമ്പനി ആക്കണം എന്നാണ് നമ്മുടെ ആഗ്രഹം. പിന്നെ, എപ്പോഴും ഞാൻ ബ്രാഞ്ച് മാനേജർസിന്റെ മീറ്റിംഗിൽ പറയാറുണ്ട്, നമ്മുടെ കുട്ടികൾ പുറത്തു പോയി ബിസിനസ് ചെയ്യണ്ട, നമ്മുടെ products, നമ്മുടെ പ്രോഡക്ട്സിന്റെ efficiency കണ്ടു ആളുകൾ ഇതു ബാങ്ക് തന്നെയാണ് എന്നു കരുതി നമ്മുടെ ബാങ്കിൽ വന്നു, നമ്മുടെ ഓഫീസിൽ വന്നു വേണം നമ്മുടെ products വാങ്ങാൻ. ആ ഒരു സ്റ്റേജിലേക്ക് ഇന്നല്ലെങ്കിൽ നാളെ, അതാണ് നമ്മുടെ ലക്ഷ്യം എന്ന് പറയുന്നത്. ഒരു ബാങ്ക് പോലെ തന്നെ വർക്ക് ചെയ്യുന്ന, വളരെ സുതാര്യമായി വർക്ക് ചെയ്യുന്ന ഒരു സ്ഥാപനമാക്കി നമ്മുടെ കെപിബിയെ മാറ്റണമെന്നാണ് longterm ലക്ഷ്യം. അതിനു ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കഴിഞ്ഞ 7 ദിവസത്തിന് മുന്പായിട്ടു എന്തെങ്കിലും ഒരു ബാലൻസ് ഷീറ്റിനെ കുറിച്ചെന്തെങ്കിലും question ഉണ്ടെങ്കിൽ ചോദിക്കണമെന്ന് പറഞ്ഞിരുന്നു. കഴിഞ്ഞ ദിവസം വരെ ഞാൻ നോക്കിയിരുന്നു. Questions ഒന്നും വന്നിട്ടില്ല. ഇന്നലെ വരെ നോക്കിയിരുന്നു. നോ questions. അതുകൊണ്ടു ഇനി റെസൊല്യൂഷൻ പാർട്ടിലേക്കു സർ കടക്കുന്നുണ്ടായിരിക്കും. ഇടയിൽ എന്തെങ്കിലും questions വരികയാണെങ്കിൽ ഞാൻ ആൻസർ ചെയ്യാം.

Thank you.

**ചെയർമാൻ**:

Next is our അടുത്ത അജണ്ട നമ്മുടെ ഡയറക്ടർ Smt. Rajimol. ചാർട്ടേർഡ് അക്കൗണ്ടന്റ്, ഡയറക്ടർ to read out all resolutions both ordinary business and special business.

**Raji Mol, Director:**

Good Morning

**Ordinary Business (es):**

1. To receive, consider and adopt the Audited Financial Statements of the company for the financial year ended 31st March 2024 together with the report of the Board of Directors and the Auditors thereon; For this purpose, to consider and if deemed fit to pass with or without modification, the following resolution as an **Ordinary Resolution:**

**"RESOLVED THAT,** the audited Balance Sheet, Statement of Profit & Loss and Cash Flow Statement along with the notes forming part of the audited financials for the financial year ended 31st March 2024 along with the Auditors' Report and the Directors' Report thereon for the financial year ended 31st March 2024, be and are hereby taken as read, approved and adopted by the members."

2. To appoint a director in the place of Sri. P Viswaroopan (DIN:00256061), who retire by rotation at this Annual General Meeting and being eligible offers himself for re- appointment. For this purpose, to consider and if deemed fit to pass with or without modification, the following resolution as an **Ordinary Resolution:**

**"RESOLVED THAT** Sri. P. Viswaroopan (DIN:00256061), who retires by rotation at this Annual General Meeting be and is hereby re-appointed as a Director of the Company and that his period of office be liable to determination by retirement of Directors by rotation."

3. To appoint a director in the place of Sri. Pazhanikutty Swaminathan (DIN:09704625), who retire by rotation at this Annual General Meeting and being eligible offers himself for re-appointment. For this purpose, to consider and if deemed fit to pass with or without modification the following resolution as an **Ordinary Resolution**

   **"RESOLVED THAT** Sri. Pazhanikutty Swaminathan (DIN:09704625), who retires by rotation at this Annual General Meeting be and is hereby re-appointed as a Director of the Company and that his period of office be liable to determination by retirement of Directors by rotation."

4. To declare Dividend @ 11% on Equity Share Capital for the year ended 31st March 2024. For this purpose, to consider and if deemed fit to pass with or without modification the following

resolution as an **Ordinary Resolution:**

**"RESOLVED THAT** in terms of the recommendation of the Board of Directors of the Company, the approval of the Members of the Company be and is hereby accorded for declaration and payment of final dividend @ 11% on equity shares of Rs. 10 each fully paid up for the year ended March 31, 2024 to the eligible members of the Company."

**Special Business (es):**

5. **Re-appointment of Sri. M Muraleedharan (DIN: 08607833) as Managing Director**

To consider and if thought fit, to pass with or without modification(s), the following resolution as an **Ordinary Resolution**:

"**RESOLVED THAT** pursuant to the provisions of section 152,196,197,198,203 and other applicable provisions, if any, of the Companies Act 2013 (hereafter referred to as the "Act")

Read with schedule V to the Act (including any amendment(s), statutory modification(s), variation(s) and/or re-enactment(s) for the time being in force and the Companies ( Appointment and Remuneration of Managerial Personnel) Rules, 2014, as amended from time to time and the Articles of the Association of the Company and based on the recommendations of Nomination and Remuneration Committee and the Board of Directors and subject to such other approvals as may be necessary consent of the members be and is hereby accorded for re-appointment of Sri. M Muraleedharan (DIN:08607833) as managing Director (MD) of the Company for a term of 5 years commencing from 23rd October 2024, upon terms and conditions of appointment including payment of remuneration as follows:

(i) Salary Rs.80,000/- PM
(ii) Reimbursement of monthly charge of phone bill
(iii) Allowance for travel/ on duty/ leave as applicable to GM cadre as applicable
(iv) Variable pay to be paid as decided by the Board

(v) All other terms and conditions of his employment be decided by the Board from time to time.

**“RESOLVED FURTHER THAT** the Board of Directors of the Company (including its Committee thereof), be and hereby authorized to do all such acts, deeds, matters and things as may be considered necessary, desirable or expedient to give effect to this resolution.”

6. **To authorize Board of Directors to appoint Branch Auditors and to fix their remuneration**

To consider and, if thought fit, to pass with or without modification(s), the following resolution as an **Ordinary Resolution:**

**“RESOLVED THAT,** pursuant to section 143(8) of the Companies Act, 2013, the accounts for the year ending 31st March,2025 of the Company’s branch offices be audited by such persons, other than the Company’s Auditor also, as are qualified for appointment as Auditors of the Company under section 139 of the Companies Act, 2013, and the Board of Directors be and is hereby authorized to appoint such Branch Auditors in consultation with the Company’s Auditor on such terms and conditions and on such remuneration as may be fixed by the Board”.

Thank You.

**Managing Director:**

ഈ റെസൊല്യൂഷൻസിന്റെ ഈ-വോട്ടിങ് പെട്ടെന്ന് എല്ലാവരും ചെയ്യാൻ അഭ്യർത്ഥിക്കുന്നു. In the meanwhile, questions ആർക്കെങ്കിലും ചോദിക്കാനുണ്ടെങ്കിൽ, ചോദിക്കാനുള്ളൊരവസരമാണ്. എല്ലാ login ചെയ്ത ആളുകൾ അതിന്റെ ടെക്നിക്കൽ ടീമിനോട് ചോദിച്ചാൽ അതെങ്ങിനെ നിങ്ങള്ക്ക് സിസ്റ്റത്തിൽ വന്നു സംസാരിക്കാമെന്നുള്ളത് അവർ പറഞ്ഞു തരും, അവർ enable ചെയ്തു തരും. അതിനനുസരിച്ചു എന്തെങ്കിലും ചോദ്യങ്ങളോ എന്തെങ്കിലും ചർച്ചകളോ വേണമെങ്കിൽ പറ്റുന്ന ഒരു സമയമാണ്. ഷെയർ ഹോൾഡേഴ്‌സ് ടൈം ആണ്. In the meanwhile, എല്ലാവര്ക്കും ഇ വോട്ടിംഗ് continue ചെയ്യാം.

**ശ്രീ റാംമോഹൻ, ഷെയർ ഹോൾഡർ**:

എന്താണ് പുതിയ ബ്രാഞ്ചുകൾ ഓപ്പൺ ചെയ്യാതിരുന്നത്.

**എംഡി**

അത് NDH 4 ന്റെ കാര്യമാണ്. NDH 4 ന്റെ അപ്പ്രൂവൽ. അത് സെൻട്രൽ ഗവണ്മെന്റ് ഡിസൈഡ് ചെയ്യുന്ന ഒരു പോളിസി ഡിസിഷൻ ആണ്. അത് വന്നതിനു ശേഷം, അത് സെൻട്രൽ ഗവണ്മെന്റ് ആവുമ്പോൾ സമയം പിടിക്കും. രാജ്യത്തുള്ള, ഇന്ത്യയിലുള്ള എല്ലാ നിധി കമ്പനികളെ കുറിച്ചും ഒരു തീരുമാനം സെൻട്രൽ ഗവണ്മെന്റ് എടുക്കാൻ കുറച്ചു സമയം പിടിക്കും. ആ സമയം വന്നതിനു ശേഷമാണ് expansion ന്റെ കാര്യങ്ങളൊക്കെ നമുക്ക് ചെയ്യാൻ പറ്റും.

**ചെയർമാൻ**:

നമ്മുടെ NDH 4 അപ്ലിക്കേഷൻ ഇപ്പോഴും പെന്റിങ് ആയിട്ടാണ് കാണുന്നത് സൈറ്റിൽ. നമ്മൾ അത് takeup ചെയ്യുന്നുണ്ട്. വേറെ ചില കമ്പനികൾക്കൊക്കെ അവർ റിജെക്ഷൻ ഓർഡറുണ്ട്. അതുകൊണ്ടു അവർ ഹൈ കോർട്ടിൽ പോയി സ്റ്റേ മേടിച്ചിരിക്കുകയാണ്. നമ്മുടെ അറിവിൽ തന്നെ ഒരു പത്തന്പതു കമ്പനികൾ തന്നെ ഹൈ കോർട്ടിൽ നിന്നും സ്റ്റേ മേടിച്ചിരിക്കുകയാണ്. നമ്മുടെ കമ്പനിക്ക് അങ്ങനത്തെ ഒരു റിജെക്ഷൻ നോട്ടീസ് ഇതുവരെ വന്നിട്ടില്ല.

അപ്പൊ ഇ വോട്ടിംഗ് നമ്മൾ തീർക്കുകയാണ്. ഇപ്പോഴത്തെ ലേറ്റസ്റ്റ് റിസൾട്ട് അനുസരിച്ചു 1867838 ഷെയർ ഈ നമ്മുടെ റെസൊല്യൂഷൻസ് അച്ചിപ്റ്റ് ചെയ്തിരിക്കുകയാണ്. ആരും against ഇല്ല.

## എംഡി

ഇത് ഫൈനൽ അല്ല, ഒരു interim ആയിട്ട് സാർ പറഞ്ഞു എന്ന് മാത്രം. 5 മിനിറ്റ് കൂടി സമയം കൊടുക്കുന്നുണ്ട്. അതിനുള്ളിൽ എല്ലാവരും വോട്ട് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാവരും, ലോഗിൻ ചെയ്ത എല്ലാ ആളുകളും വോട്ട് ചെയ്തു എന്ന് ഉറപ്പായി കഴിഞ്ഞാൽ നമുക്ക് അടുത്ത നടപടിയിലേക്കു കടക്കാം. വേറെ questions ഒന്നുമില്ലാത്ത കൊണ്ടും പിന്നെ ഇപ്പോളാരും, സംസാരിക്കാൻ, ഷെയർ ഹോൾഡേഴ്സ് ആരും മുന്നോട്ടു വരാത്തത് കൊണ്ടും, ഞാൻ ജസ്റ്റ് കമ്പനിയുടെ, ഒരഞ്ചു മിനിറ്റ് നമുക്കുള്ള സമയം കൊണ്ട്, നമ്മുടെ കമ്പനിയുടെ ഇപ്പോളത്തെ ഒരു സെറ്റപ്പ്, ഇങ്ങിനെയാണ് അഡ്മിനിസ്ട്രേറ്റീവ് സെറ്റ് അപ്പ് നമ്മൾ കൊണ്ട്

നടക്കുന്നത് എന്നുള്ളത് നമ്മുടെ ഷെയർ ഹോൾഡേഴ്സിന്റെ അറിവിലേക്കായി ഞാൻ പറഞ്ഞു തരാം. ഹെഡ് ഓഫീസ് structure ഇൽ നമ്മുടെ ഓരോ ഡിപ്പാർട്മെന്റും ഹെഡ് ചെയ്യുന്നത് ഓരോ ബാങ്കിൽ നിന്നും റിട്ടയർ ചെയത സീനിയർ ലെവലിൽ റിട്ടയർ ചെയ്ത എക്സിക്യൂട്ടീവ്സ് ആണ്. അവരെ എല്ലാം പരിചയപ്പെടുത്തുന്നതിനായി ഇത്തവണ അവരുടെ ഫോട്ടോസ് എല്ലാം നമ്മുടെ ഈ അന്വല് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതെല്ലം നമ്മുടെ സൈറ്റിൽ പോയി നോക്കുകയാണെങ്കിൽ, സൈറ്റിലും അവൈലബിൾ ആണ്. എല്ലാവരും, പല ബാങ്കിൽ നിന്നും വന്ന സീനിയർ ലെവലിൽ വർക്ക് ചെയ്തു, മുപ്പത്തി അഞ്ചും നാല്പതും വർഷം എക്സ്പീരിയൻസ് ഉള്ള ബാങ്കേഴ്സ് ആണ് നമ്മുടെ ഓരോ ഡിപ്പാർട്മെന്റുകളും ഹെഡ് ചെയ്യുന്നത്. Right from Share dept, Accounts Dept, Credit Dept, ഈ എല്ലാ ഡിപ്പാർട്മെന്റുകളും ഹെഡ് ചെയ്യുന്നത് ബാങ്കേഴ്സ് ആണ്. പക്ഷെ, ബിസിനസ് ഡെവലപ്മെന്റ് ഡിപ്പാർട്മെന്റ് ഹെഡ് ചെയ്യുന്നത്, നമുക്ക് ഒരു NBFC യിൽ, ഒരു പ്രമുഖ NBFC യിലും നിന്നും എടുത്ത ഒരാളാണ്. നമ്മുടെ മധു ജി നായർ എന്ന് പറയും. അദ്ദേഹം മാത്രമാണ് ബാങ്കർ അല്ലാതെ. കാരണം, ബിസിനസ് ആവശ്യങ്ങൾക്ക് നമുക്ക് ഒരു NBFC യുടെ അറിവാണ് വേണ്ടത്. അപ്പൊ അദ്ദേഹത്തെ ആണ് നമ്മൾ ബിസിനസ് ഡെവലപ്മെന്റ് ഡിപ്പാർട്മെൻറ് ഹെഡ് ചെയ്യാൻ വേണ്ടി അദ്ദേഹത്തെ ആണ് യൂസ് ചെയ്തിരിക്കുന്നത്. പിന്നെ ഒരു ഫിനാൻഷ്യൽ സ്ഥാപനമാവുമ്പോൾ പോലീസ് കേസ് ഉണ്ടാവും. നമ്മുടെ സെക്യൂരിറ്റി arrangement, അങ്ങിനെ പല കാര്യങ്ങളുമുണ്ടല്ലോ. അതിനു നമുക്ക് ബാങ്കേഴ്സ് അയാൾ ശരിയാവില്ല.അപ്പൊ അതിനു നമ്മുടെ മോഹൻജി തന്നെയാണ് നമുക്ക് ഒരു സെക്യൂരിറ്റി വിങ് നമ്മുടെ ഹെഡ് ഓഫീസിൽ വേണമെന്ന് പറയുകയും അതിനനുസരിച്ച പോലീസ് ഡിപ്പാർട്മെന്റിൽ നിന്ന് ഒരു റിട്ടയേർഡ് DySP യുടെ കീഴിൽ മൂന്നാലു SI മാരായിട്ടുള്ള ഒരു സെക്യൂരിറ്റി സിസ്റ്റവും സെക്യൂരിറ്റി ഡിപ്പാർട്മെന്റും CSO വും, അങ്ങിനെ ഒരു സിസ്റ്റം നമ്മൾ

കൊണ്ടുവന്നിട്ടുണ്ട്. കൃഷ്ണകുമാർ എന്നു പറഞ്ഞ റിട്ടയേർഡ് DySP യാണ് ആ ഡിപ്പാർട്മെൻറ് ഹെഡ് ചെയ്യുന്നത്. അപ്പൊ എല്ലാ ബ്രാഞ്ച് മാനഗേഴ്സിനും എന്ത് ഇഷ്യൂ വന്നാലും ഇപ്പൊ, പെട്ടെന്നൊരാള് വഴക്കുണ്ടാക്കി ഓഫീസില്, അങ്ങിനെയൊക്കെ എന്തെങ്കിലും പോലീസ് കേസ് വന്നു, പോലീസ് ഡിപ്പാർട്മെന്റിൽ നിന്നൊരു ആരെങ്കിലും കട്ട സ്വർണം കൊണ്ട് നമ്മുടെ ബ്രാഞ്ചിൽ വച്ചു. അതിനൊരു പോലീസ് കേസ് enquiry, ഇങ്ങിനെയുള്ള എല്ലാ കേസുകളും, ബ്രാഞ്ച് മാനജേർസ് എന്ന് പറയുമ്പോൾ അവർക്കു റൂട്ടീൻ ബിസിനസ് മാത്രമേ അറിയുള്ളൂ. ഇങ്ങിനെ ഔട്ട് ഓഫ് ദി വേ, അല്ലെങ്കിൽ ഔട്ട് ഓഫ് അവരുടെ ജോലിയിൽ നിന്നും പെട്ടെന്നൊരു കാര്യം വന്നാൽ അവർ അപ്സെറ്റ് ആയിരിക്കും. അപ്പോൾ അവർക്കൊരു സപ്പോർടിനു വേണ്ടിയിട്ടാണ് നമ്മൾ ഇങ്ങനൊരു സംവിധാനം. ഓരോ റീജിയനിലും ഡെഡിക്കേറ്റഡ് പോലീസ് ഓഫീസറൊ, അല്ലെങ്കിൽ മിലിറ്ററിയിൽ നിന്നും റിട്ടയർ ചെയ്ത ആളുകളോ ഇവരെ ഹെല്പ് ചെയ്യാനായിട്ടു നമ്മുടെ കമ്പനി ഇനേബിൾ ചെയ്തിട്ടുണ്ടു. അവരുടെ ഹെൽപോട് കൂടി തന്നെയാണ് നമ്മൾ ഇത് വരെയുള്ള എല്ലാ കാര്യങ്ങളും, ഇതുപോലെയുള്ള issues എല്ലാം handle ചെയ്യുന്നത്. അപ്പൊ നമ്മുടെ കമ്പനിക്ക്, ഫിനാൻസ് രംഗത്തു പ്രമുഖരാണ്, ബ്രാഞ്ചുകളിലെ ഓപ്പറേഷൻസ് എല്ലാം ഗൈഡ് ചെയ്യുന്നത്, ക്രെഡിറ്റ് കൊടുക്കുന്നത്, ക്രെഡിറ്റിന്റെ റേറ്റ് per ഗ്രാം കൊടുക്കുന്നത്, compliance ആംഗിൾ നോക്കുന്നത്. പോലീസ് ഡിപ്പാർട്മെന്റിൽ ഉള്ള ആളുകൾ അവരുടെ അദർ മാറ്റേഴ്സ് ശ്രദ്ധിക്കുന്നു. ബിസിനസ് developmet ഇൽ ഒരു പ്രൈവറ്റ് സ്ഥാപനത്തിൽ വർക്ക് ചെയ്ത ആളുകൾ വർക്ക് ചെയ്യുന്നു. ഇതെല്ലം അതിന്റെയൊരു കൂട്ടായ്മയുടെ ഫലമാണ് നമ്മുടെ ഈ ബാലൻസ് ഷീറ്റ്, ഇന്നത്തെ annual report ഈ ഒരു കൂട്ടായ്മയുടെ ഫലമാണ്. പക്ഷെ ഏറ്റവും എടുത്തു പറയാവുന്നൊരു കാര്യം ആരും ജോലിക്കാരായിട്ടു, including നമ്മുടെ ഏറ്റവും താഴെയുള്ള ലെവലിൽ ഉള്ള ഒരു officer മുതൽ, ഒരു സ്റ്റാഫ്

മുതൽ, ഏറ്റവും ടോപ് ലെവെലിലുള്ള എല്ലാ ഓഫീസർസും എക്സിക്യൂട്ടീവ്സ് വരെ ആരും ഒരു ജോലിക്കാരാണെന്നുള്ള നിലക്ക് കെപിബി യിൽ വരുന്നില്ല. കെപിബി അവരുടെ ഫാമിലി ആണ്. കെപിബി അവരുടെ തന്നെ സ്വന്തം സ്ഥാപനമാണ്. ഫോർ എക്സാമ്പിൾ, ഞാൻ പറയാം, നമ്മുടെ ബ്രാഞ്ച് മാനേജർസിന് നമ്മുടെ മേനോൻ സാറിന്റെ ഒരു അഡ്വൈസ് ഉണ്ടായിരുന്നു. വലിയ high റേറ്റിലൊന്നും നമ്മൾ ഗോൾഡ് ലോൺ കൊടുക്കരുത്. 24%, 30% ത്തിനൊന്നും ഗോൾഡ് ലോൺ കൊടുക്കാൻ പാടില്ല.  നമ്മളൊരു ബാങ്കിന്റെ accepted റേറ്റിലെ കൊടുക്കാൻ പാടുള്ളൂ. അപ്പൊ നമുക്ക് ഒരു ബാങ്കിന്റെതായ പ്രോഡക്ട് 12% മുതൽ 18% ശതമാനം വരെയുള്ള ഡിഫറൻറ് പ്രോഡക്ട്സ് ഗോൾഡ് ലോണിന് ഉണ്ട്. അപ്പൊ അതിന്റെ powers ഈ 12% ത്തിന് ആർക്ക് കൊടുക്കണം, 18% ന് ആർക്ക്

കൊടുക്കണം ഇതെല്ലാം ഡിസൈഡ് ചെയ്യുന്നത് ബ്രാഞ്ച് മാനേജർസ് തന്നെയാണ്. അപ്പൊ അവരുടെ ഒരു discretions, സ്വന്തം സ്ഥാപനം കൊണ്ട് നടക്കുന്നതുപോലെ, ഒരു പാവപ്പെട്ട ഒരാൾക്ക് മൈക്രോ ക്രെഡിറ്റ് കൊടുക്കുന്ന 12% റേറ്റ് കൊടുക്കുന്നു, കൂടുതൽ ഒരു ബിസിനസ്സ്കാർക്ക് അവർ ലാഭം ഉണ്ടാക്കുന്നു എന്ന്, ആ ഒരു discretion ഉം, ആ ഒരു തീരുമാനവും എടുക്കുന്നത് ബ്രാഞ്ച് ലെവലിലെ ഓഫീസർമാരാണ്. അപ്പൊ അവർ ഓണർ എന്നുള്ള നിലയ്ക്കുള്ള അവരുടെ മനോഭാവം കാരണം പ്രോപ്പറായിട്ടുള്ള ഒരു ഡിസിഷൻ മേക്കിങ് ബ്രാഞ്ച് ലെവലിൽ തന്നെ നടക്കുന്നുണ്ട്. ഇതാണ് നമ്മുടെ കമ്പനിയുടെ വിജയം. ഈ ഒരവസരത്തിലെ എനിക്കത് പറയാൻ പറ്റുള്ളൂ. എങ്ങനെയാണ് പെട്ടെന്ന് പ്രോഫിറ്റ് കൂടിയതെന്ന് പലരും ചിന്തിക്കുമ്പോൾ നമ്മുടെ കമ്പനി പോകുന്നത് ശരിക്കോരു ബാങ്കിന്റെ സിസ്റ്റം അനുസരിച്ചുള്ള കാര്യങ്ങളായിട്ടാണ് മുന്നോട്ട് പോകുന്നത്. അതാണ് നമ്മുടെ കമ്പനിയുടെ ഒരു വിജയരഹസ്യം. ജോലിക്കാരായിട്ട് ഇവിടെ ആരുമില്ല, എല്ലാം own ചെയ്യുന്ന ആൾക്കാർ, ഒരു ഫാമിലി, കെപിബി നിധി ഫാമിലിയുടെ members എന്നുള്ള നിലയ്ക്ക് വർക്ക്

ചെയ്യുന്ന വർക്ക്ഫോഴ്സ് ആണ് നമുക്ക്. അപ്പൊ തീർച്ചയായിട്ടും കമ്പനി നമ്മുടെ കൂടുതൽ കൂടുതൽ ഉന്നമനത്തിലേക്ക് പോയിക്കൊണ്ടിരിക്കയാണ്.ഈ അവസരത്തിൽ ഒന്നുകൂടെ ഞാൻ നിങ്ങളോട് എല്ലാവരോടും കമ്പനിയുടെ കടപ്പാട് അറിയിക്കുകയാണ്. ഇതിനുവേണ്ടി കഴിഞ്ഞ 35 വർഷത്തോളം പ്രവർത്തിച്ച പഴയ ഡയറക്ടർസ്,പഴയ ചെയർമാൻമാർ,പഴയ സ്റ്റാഫ്, even, അന്നത്തെകാലത്ത് 10 രൂപയും 100 രൂപയും ഡെപ്പോസിറ്റ് വാങ്ങിയ ഓരോ സ്റ്റാഫും, ഈ കമ്പനിയുടെ ഓരോ കല്ലുകൾ വെക്കുകയായിരുന്നു. അങ്ങനെയാണ് ഈയൊരു ലെവലിൽ എത്തിയിരിക്കുന്നത്. ഇനി വരുന്ന ആളുകൾക്ക് ഇപ്പൊ കഴിഞ്ഞ വർഷം ഉണ്ടായിരുന്ന ആൾക്ക്, ഒരു സെറ്റ് ആളുകളൊക്കെ മാറിപോയി, പുതിയ ആളുകൾ വന്നുകൊണ്ടിരിക്കുന്നു. പക്ഷെ ഇനി വരുന്ന ആളുകൾക്ക് കുറെ കൂടെ എളുപ്പമുള്ള ഒരു കമ്പനിയാണ് അവര്ക്കു കിട്ടുന്നത്.Only thing നമ്മുടെ ഫീല്ഡ് ഗോൾഡ് ആയതുകൊണ്ടും, പണമായതുകൊണ്ടും, ഓരോ ബ്രാഞ്ചിന്റെയും സത്യസന്തത, ഇന്റെഗ്രിറ്റി, ഹോണസ്റ്റി, ഒക്കറെൻസ് ഓഫ് ഫ്രോഡ്, നമ്മുടെ ഡിസിഷൻ മേക്കിങ് ഇതെല്ലാം ഡെയ്‌ലി ബേസിസിൽ തന്നെ നമ്മൾ ക്ലോസ് ആയിട്ട് മോണിറ്റർ ചെയ്ത് പോകേണ്ട ഒരു സംവിധാനം ആണ് നിധി കമ്പനിക്ക് ഉള്ളത്.അതുകൊണ്ട് കൃത്യമായിട്ട് മോണിറ്റർ ചെയ്യണം, കൃത്യമായിട്ട് അത് ഫോളോ അപ്പ് ചെയ്യണം,ഒരു ബാങ്കിന് വേണ്ടുന്ന എല്ലാ precautions ഉം നമ്മുടെ കമ്പനിക്ക് ഇപ്പോഴുണ്ട്, അത് തുടർന്ന്കൊണ്ടേ പോകും,തുടർന്ന് കൊണ്ട് പോകും എന്നുള്ള ഉറപ്പുകൂടി ഞാൻ തരുന്നു.

**ചെയർമാൻ**:

12:10 ന് നമ്മൾ ഇ വോട്ടിംഗ് ക്ലോസ് ചെയ്യുന്നതായിരിക്കും. 12:10 വരെ ഇ വോട്ടിംഗ് ചെയ്യാനുള്ള അവസരമുണ്ട്. ഈ അവസരം പ്രയോജനപ്പെടുത്തട്ടെ ഷെയർ ഹോൾഡേഴ്സ്. ഏതെങ്കിലും ഓഹരി ഉടമകൾക്ക് എന്തെങ്കിലും സംസാരിക്കാൻ ഉണ്ടെങ്കിൽ ചാറ്റ്ബോക്സിൽ

കൂടെ വരാം. 12:10 ന് നമ്മുടെ പ്രൊസീഡിംഗ്സ്, ഇ വോട്ടിംഗ് തീർകുന്നതാണ്. അതിനുശേഷം നന്ദിപ്രകടനത്തിലൂടെ നമ്മുടെ പൊതുയോഗം, ഷെയർ ഹോൾഡേഴ്സിന്റെ യോഗം തീരുന്നതായിരിക്കും.

ഷെയർ ഹോൾഡർ, മുൻ ചെയർമാൻ ഗോപാലകൃഷ്ണൻ സർ സംസാരിക്കാനായി മുന്നോട്ട് വന്നു.

ഗോപാലകൃഷ്ണൻ സർ,

ഗുഡ്മോർണിംഗ്, എന്റെ പേര് ഗോപാലകൃഷ്ണൻ. തൊടുപ്പുഴയാണ് വീട്. ഞാൻ ഇന്ന് വളരെ സന്തോഷത്തോടുകൂടിയാണ് ഇവിടെ ഇരിക്കുന്നത്. ഞാൻ ഇതിന്റെ ആദ്യത്തെ ചെയർമാൻ സ്ഥാനത്ത് ഇരിക്കാനുള്ള അവസരം ബാലൻ സർ എനിക്കു തന്നു. അന്നാണ് ചെയർമാൻ പോസ്റ്റ് തന്നെ ഉണ്ടാകുന്നത്. അന്ന് അഞ്ചു ബ്രാഞ്ചേ നമുക്ക് ഉള്ളൂ. ഒൺലി 5 ബ്രാഞ്ചസ്. അന്ന് മേനോൻ സർ പറഞ്ഞു, നമ്മുടെ ടാർഗെറ്റ് 100 ബ്രാഞ്ചസ് ആണ്. 100 ബ്രാഞ്ചസ് ടാർഗെറ്റ് ചെയ്യണം എന്ന് പറഞ്ഞ മേനോൻ സാറിന്റെ ആ പുഷ് ആണ് നമ്മുടെ ഈ ബ്രാഞ്ചസ് പെട്ടെന്ന് പെട്ടെന്ന് എല്ലാ സ്ഥലത്തും തുടങ്ങി. ഇന്ന് I think we got 83 ബ്രാഞ്ചസ്. ഓക്കേ, Thank you. വളരെയധികം സന്തോഷത്തോടുകൂടി എല്ലാവർക്കും നന്ദി അറിയിക്കുന്നു, നന്ദി നമസ്കാരം.

**ചെയർമാൻ**:

12:10 ആയി ഇ വോട്ടിംഗ് ഓവർ, റിസൽറ്റ്. 12:10 വരെ നമ്മൾ ഇ വോട്ടിംഗ് സമയം കൊടുത്തു. ഇപ്പൊ നമുക്ക് votes, in favour of the resolutions - 22,05,108 shares, 2205108 Against ആരുമില്ല. So ഭംഗിയായിട്ട് നമ്മുടെ ജനറൽ ബോഡി മീറ്റിംഗിൽ നമുക്ക് എല്ലാ resolutions ഉം ഭംഗിയായിട്ട് പാസാക്കാൻ സാധിച്ചു. ഇനിയും കമ്പനി എല്ലാ ഷെയർ ഹോൾഡേഴ്സിന്റെയും അനുഗ്രഹത്തോടുകൂടി ഉത്തരോത്തരം

പുരോഗതി പ്രാപിക്കട്ടെയെന്ന് പ്രാർഥിക്കാം. അടുത്തത് വോട്ട് ഓഫ് താങ്ക്സിന് വേണ്ടി സീനിയർ ഡയറക്ടർ ശ്രീ വിശ്വരൂപൻ സാറിനെ ക്ഷണിക്കുന്നു.

**Director Viswaroopan sir:**

എല്ലാവർക്കും നമസ്കാരം. നമ്മുടെ PEB Menon സർ ഇവിടെ വന്നിട്ടുണ്ട്.നമുക്ക് വലിയ അനുഗ്രഹമാണ് ഉണ്ടായിട്ടുള്ളത്. അതുപോലെ തന്നെ നമ്മുടെ പഴയ ഡയറക്ടർസ്, advisory ബോർഡ് മെംബേഴ്സ് and respected all the directors and the ഷെയർ ഹോൾഡേഴ്സ്. നേരത്തെ ഗോപാലകൃഷ്ണൻ സർ പറഞ്ഞപോലെ, മേനോൻ ചേട്ടൻ പറഞ്ഞു കെട്ടിട്ടുണ്ട്. അന്നിരുന്ന മാനേജിങ് ഡയറക്ടർ, അന്ന് ചെയർമാൻ ഇല്ല. ഒരു ഡയറക്ടർ ബോർഡ് വിളിച്ചാലാരും വരില്ല, ബുക്ക് കൊണ്ടുപോയിട്ട് സൈൻ കൊണ്ടുപോകുന്ന situation കെപിബി നിധിക്ക് ഉണ്ടായിരുന്നു മുൻകാലത്ത്. അതിൽനിന്നും നമ്മൾ ഈ ലേവലിൽ എത്തി. അപ്പൊ അതിന്റെ വളർച്ച, ആ വളർച്ചയുടെ പിന്നിൽ പ്രവർത്തിച്ച നമ്മുടെ അതാത് സമത്വസാരഥികൾ, നമ്മുടെ dedicated ആയിട്ടുള്ള സ്റ്റാഫ്, എല്ലാത്തിന്റെയും പുറകിൽ സ്റ്റാഫ് ആണല്ലോ ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്നത്, അവരുടെ പ്രവർത്തനം ആണ് നമുക്ക് കിട്ടുന്നത്. അപ്പോൾ അദ്ദേഹം, എംഡി അത് പറയുകയും ചെയ്തു. ഓരോരുത്തരും അവരവരുടെ സ്ഥാപനം എന്നുള്ള നിലയ്ക്കാണ് ഇതിനെ കാണുന്നതും അതിനുവേണ്ടി പ്രവർത്തിക്കുന്നതും. അപ്പൊ അതിന്റെയൊരു effect നമുക്ക് ഉണ്ടായിട്ടുണ്ട്. ഇപ്പൊ എനിക്കു തോന്നുന്നു ആദ്യത്തെ പ്രാവശ്യമാണ്, ഒരു പ്രാവശ്യം മാത്രം 12% ഡിവിഡെൻഡ് നമ്മൾ കൊടുത്തിട്ടുള്ളത്. ബാക്കി എല്ലാ പ്രാവശ്യവും നമ്മൾ 10% താഴെ ആയിരുന്നു, ഇപ്രാവശ്യം 11% ആയിട്ടുണ്ട്. We hope അടുത്ത പ്രാവശ്യം എംഡി പറഞ്ഞ പ്രകാരം,

നമ്മൾ growth വളരെ കഴിഞ്ഞ തവണത്തെ പ്രോഫിറ്റും ഈ തവണത്തെ ഇതും, 6 മാസത്തെ പ്രോഫിറ്റ് ഉറ്റു നോക്കുമ്പോഴത്തേക്കും, ഏതാണ്ട് അതിനു പകുതിയിൽ കൂടുതൽ വന്നിട്ടുണ്ട്. അപ്പോൾ പ്രോഫിറ്റിന്റെ ഭാഗത്ത് ഈ ഒരു സാമ്പത്തിക വർഷം കൂടുതൽ ആകാനാണ് സാധ്യത. അതിൽ കൂടുതൽ കൊടുക്കാൻ സാധിക്കും എന്നാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. അപ്പൊ അതിനുവേണ്ടി നമുക്ക് പ്രാർഥിക്കാം, കൂട്ടായി പ്രവർത്തിക്കാം.അതുപോലെ തന്നെ നമ്മുടെ ടെക്നികൽ ടീം, നമുക്ക് ഓഡിയോ and വീഡിയോ കാര്യങ്ങൾ ചെയ്തു തന്നതിന്റെയെല്ലാം, എനിക്കു തോന്നുന്നു കഴിഞ്ഞ 5 വർഷം ആയിട്ട്, കോവിഡ് വന്നപ്പോൾ തുടങ്ങിയതാ നമ്മൾ ഈ ഇ വോട്ടിംഗ് എല്ലാം ചെയ്യൽ,ബാക്കിയെല്ലാം ഫിസിക്കൽ മീറ്റിംഗ് നമ്മുടെ ഹാളിലും ഇവിടെ ഹാളിലും ചെയ്തിരുന്നു. എല്ലാവരും വരും സംസാരിക്കും കാണും ഒക്കെ ചെയ്തിരുന്നു. ഇപ്പൊ നമുക്ക് അതിനുള്ള അവസരമില്ല. എന്തായാലും ഇത്തരത്തിൽ നമുക്ക് കാണാൻ സാധിച്ചു. ഓൺലൈനിൽ വന്ന ആൾകാർക്ക് നമ്മളെ കാണാൻ പറ്റും, നമുക്ക് അവരെ കാണാൻ പറ്റുന്നില്ലെങ്കിലും. അതിനുള്ള സൌകര്യം അവരുണ്ടാക്കിയിട്ടുണ്ട്.അതുപോലെ തന്നെ നമ്മുടെ കമ്പനി സെക്രട്ടറി, പുതിയ കമ്പനി സെക്രട്ടറിയാണ്.ആദ്യമായിട്ടാണ് നമ്മൾ കാണുന്നത് കമ്പനി സെക്രട്ടറിയേ, എലിസബത്ത്. പഴയ നമ്മുടെ കമ്പനി സെക്രട്ടറി നമ്മെ വിട്ടുപോയപ്പോൾ,പുതിയ കമ്പനി സെക്രട്ടറി വന്നു. അതുപോലെ തന്നെ നമ്മുടെ Midhun സർ,പ്രാക്ടിസിങ് കമ്പനി സെക്രട്ടറി.അതുപോലെ നമ്മുടെ auditors, auditors നമ്മോട് നേരത്തെ എംഡി പറഞ്ഞു, ഡിഫറൻറ് ലെവൽ auditors ആണ് നമുക്കുള്ളത്. central ഓഡിറ്റ് അതുകൂടാതെ ബ്രാഞ്ച് ഓഡിറ്റർസ്. എല്ലാ auditors നോടും നന്ദി പറയുന്നു. അതുപോലെതന്നെ ഇന്ന് ഇവിടെ കൂടിയിട്ടുള്ള എല്ലാവർക്കും, നമ്മുടെ ഓൺലൈനിൽ വന്നിട്ടുള്ള എല്ലാവർക്കും,ഗസ്റ്റുകൾക്കും, ഡയറക്ടർസിനും, ഈ സ്ഥലം നമുക്ക്

അനുവതിച്ചുതന്ന ഈ സ്ഥാപനത്തിന്റെ ഉടമസ്ഥന്മാർക്കും പ്രത്യേകം പ്രത്യേകം നന്ദി പറഞ്ഞുകൊണ്ടു അവസാനിപ്പിക്കുന്നു. നന്ദി നമസ്കാരം.

## ചെയർമാൻ:

35 മത് പൊതുയോഗം ഇവിടെ സമാപ്തമാകുകയാണ്. സഹകരിച്ച എല്ലാവര്ക്കും നന്ദി.

E voting...

KPB Nidhi Ltd.
Approved by Govt. of India • ESTD 1989 • CIN:U65991KL1989PLC005448
Erstwhile "Kerala Permanent Benefit Fund Limited"
Registered Office: KPBF Mandir, Sangeetha Sabha Road, Aluva - 683101, Kerala
Phone: 0484-2922000, 2922060 Email: kpbfhoaluva@gmail.com Website: www.kpbf.in

| **Sl No** | **Category** | **Mode of Voting** | **Resolution No.1** | **Resolution No.2** | **Resolution No.3** | **Resolution No.4** | **Resolution No.5** | **Resolution No.6** |
|---|---|---|---|---|---|---|---|---|
| | | | **Ordinary Resolution** | **Ordinary Resolution** | **Ordinary Resolution** | **Ordinary Resolution** | **Ordinary Resolution** | **Ordinary Resolution** |
| I | Promoter and Promoter Group | E-Mail - Poll | NIL | NIL | NIL | NIL | NIL | NIL |
| II | PublicNon InstitutionsIndividualsNominal share capital upto Rs. 1 Lac | E- Mail-Poll | 1318336 | 1318336 | 1318336 | 1318336 | 1318336 | 1318336 |
| | | DISSENT | 0 | 0 | 0 | 0 | 0 | 0 |
| | | | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| III | PublicNon - InstitutionsIndividualsNominal share capital exceeding Rs. 1 Lac | E- Mail-Poll | 886772 | 886772 | 886772 | 886772 | 886772 | 886772 |
| | | DISSENT | 0 | 0 | 0 | 0 | 0 | 0 |
| | | | 2205108 | 2205108 | 2205108 | 2205108 | 2205108 | 2205108 |